പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5651 27.03.2018-ൽ മറുപടിയ്ക്ക്

## തലശ്ശേരി ആർ.ടി.ഒ. ഓഫീസിലെ സ്ഥല പരിമിതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എൻ. ഷംസീർ | ശ്രീ. എ . കെ . ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| തലശ്ശേരി ആർ.ടി.ഒ. ഓഫീസ് കെട്ടിടത്തിന്റെ സ്ഥല പരിമിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ? | ഉണ്ട്. തലശ്ശേരി ഓഫീസ് സ്ഥല പരിമിതിമൂലം വളരെയേറേ ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു ഓഫീസാണ്. നിലവിൽ പ്രവർത്തിക്കുന്ന സ്ഥലത്തിന് 2100 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമാണുള്ളത്. ഇത് ജീവനക്കാർക്കും സേവനത്തിനായെത്തുന്ന പൊതുജനങ്ങൾക്കും വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. ഇപ്പോൾ വ്യവസായ വകുപ്പിന്റെ കിൻഫ്രയുടെ അധീനതയിലുള്ള കെട്ടിടത്തിലെ 4100 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്ഥലം കണ്ടെത്തുകയും ആയതിനായി ആ സ്ഥാപനവുമായി ബന്ധപ്പെടുകയും സ്ഥലം നൽകാമെന്ന് സമ്മതിക്കുകയും ചെയ്തു. എന്നാൽ വാടകയ്ക്ക് സ്ഥലം നൽകണമെങ്കിൽ 12 മാസത്തെ വാടക തുക പലിശരഹിത നിക്ഷേപമായി അടയ്ക്കണമെന്ന് വ്യവസ്ഥ മുന്നോട്ട് വയ്ക്കുകയുണ്ടായി. പലിശരഹിത ഡെപ്പോസിറ്റ് ഒഴിവാക്കുന്നതിനും പി.ഡബ്ലിയു.ഡി. നിരക്കിൽ കെട്ടിടം വാടകയ്ക്ക് ലഭിക്കുന്നതിനുമായി ഗതാഗത കമ്മീഷണർ നൽകിയ ശുപാർശ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ